**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2599** **06-10-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മാനാഞ്ചിറ സബ്‌ട്രഷറി കെട്ടിടം പുതുക്കി പണിയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മാനാഞ്ചിറ സബ്‌ട്രഷറി കെട്ടിടം പുതുക്കി പണിയുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | കോഴിക്കോട് മാനാഞ്ചിറയിൽ സ്ഥിതി ചെയ്യുന്ന കോഴിക്കോട് അഡീഷണൽ സബ് ട്രഷറി കെട്ടിടം പുതുക്കി പണിയുന്നതിന് റവന്യൂ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ട്രഷറി വകുപ്പിന് കൈമാറി കിട്ടേണ്ടതുണ്ട്, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കെട്ടിടം പുതുക്കി പണിയുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് മാനാഞ്ചിറയിൽ സ്ഥിതി ചെയ്യുന്ന കോഴിക്കോട് അഡീഷണൽ സബ് ട്രഷറി കെട്ടിടം പുതുക്കി പണിയുന്നതിന് റവന്യൂ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ട്രഷറി വകുപ്പിന് കൈമാറി കിട്ടേണ്ടതുണ്ട്, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നിലവിലുള്ള കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം റെക്കാർഡുകൾ പ്രകാരം കൈമാറുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കോഴിക്കോട് അഡീഷണൽ സബ് ട്രഷറി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്നതിലേക്കായി റവന്യൂ വകുപ്പ് അധികൃതർക്ക് ട്രഷറി വകുപ്പിൽ നിന്നും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് വരികയാണ്. |
| (ഡി) | നിലവിലുള്ള കെട്ടിടത്തിൽ സബ് ട്രഷറി പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്നത് വ്യക്തമാക്കാമോ? | (ഡി) | 53 വർഷം (1972 -ൽ പ്രവർത്തനം ആരംഭിച്ചു) |

സെക്ഷൻ ഓഫീസർ